## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കരുതലും വികസനവും

1 (1) ശ്രീ. റ്റി. യു. കരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷക്കാലം 'കരുതലും വികസനവും' എന്ന മുദ്രാവാക്യത്തിലൂടെ കൈവരിച്ച നേട്ടങ്ങളും നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിജയവും വെളിപ്പെടുത്തുമോ ;

(ബി) വരുന്ന ഒരു വർഷക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെയും ക്ഷേമ പരിപാടികളുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജനങ്ങളിൽ സർക്കാർ സഹായം അർഹിക്കുന്നവർക്ക് യഥാസമയം എത്തിക്കാൻ കഴിഞ്ഞു എന്നതാണ് പ്രധാന നേട്ടം. ജനകീയ പ്രശ്നങ്ങൾ ഭരണാധികാരിക്ക് നേരിട്ട് അറിയാനും മനസ്സിലാക്കാനും അവ പരിഹരിക്കാനും ജനസമ്പർക്ക പരിപാടി മുഖേന കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുകയും ഉപകരണങ്ങൾ വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം നടത്തുകയും ചെയ്തു. ദേശീയ നിരക്കിനേക്കാൾ മികച്ച വളർച്ചാനിരക്ക് രേഖപ്പെടുത്തി. പി.എസ്.സി. നിയമങ്ങളിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും നേട്ടം കൈവരിക്കാനായിട്ടുണ്ട്.

(ബി) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് അടുത്തവർഷം ആദ്യം പൂർത്തീകരിക്കാൻ, കൊച്ചി മെട്രോയുടെ ആദ്യഘട്ടം 2016 ജൂണിൽ പൂർത്തീകരിക്കൽ, വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കൽ, സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിലെ ആറര ലക്ഷം ചതുരശ്ര അടി കെട്ടിടം ജൂണിൽ പൂർത്തീകരിക്കൽ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കൽ തുടങ്ങി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനം സാധ്യമാകത്തക്ക തരത്തിലുള്ള വിവിധ പദ്ധതികളാണ് സർക്കാർ അടുത്ത ഒരു വർഷക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

### എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കിയതിന്റെ വിശദാംശങ്ങൾ

2(2) ശ്രീ. എ. പ്രദീപ്കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് വെച്ച് നടന്ന മുഖ്യമന്ത്രിയുടെ രണ്ടാം ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly